# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ :126.

15..6..2012-ൽ മറുപടിക്ക്

## ക്ഷീരോല്പാദന കേന്ദ്രങ്ങൾക്ക് ധനകാര്യ സ്ഥാപനം

**ചോദ്യം**

ശ്രീ. വി.റ്റി. ബൽറാം
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ

(എ) ക്ഷീരോല്പാദന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

**ഉത്തരം**

ശ്രീ. കെ.സി. ജോസഫ്.
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കാനും, സംസ്ഥാനത്ത് പാലിന് സ്വയം പര്യാപ്തത കൈവരിക്കുന്നതിനും ക്ഷീരോൽപാദക കേന്ദ്രങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. കൂടാതെ, ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് ആക്ട് പ്രകാരം പാലിന്റെ ഗുണനിലവാരം നിലനിർത്തുന്നതിന് ഉല്പാദന കേന്ദ്രങ്ങളെ സഹായിക്കേണ്ടതും അനിവാര്യമാണ്. ക്ഷീരോത്പാദന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് തീറ്റപ്പുൽ കൃഷി വ്യാപന പദ്ധതി, കാലിത്തീറ്റ സബ്സിഡി, എം.എസ്.ഡി.പി. പദ്ധതി, ആർ.കെ.വി.വൈ തുടങ്ങി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ മിൽമ വഴി കേന്ദ്ര പദ്ധതികളായ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ, ഇടുക്കി പാക്കേജ് എന്നീ പദ്ധതികളും കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി,

മിനി ഡയറി ഫാമിലെ കറവപശുക്കൾക്ക് സൗജന്യ തീറ്റ വിതരണം, കറവമൃഗങ്ങളുടെ സൗജന്യ ഇൻഷ്വറൻസ് പദ്ധതി, കറവമൃഗങ്ങൾക്ക് വിരയിളക്കുന്ന പദ്ധതി, 9 മാസം പ്രായമായ പെൺകിടാരികളെ ദത്തെടുക്കൽ പദ്ധതി, കറവയന്ത്ര വിതരണം, ക്ഷീര കർഷകർക്ക് അപകട ഇൻഷ്വറൻസ് പദ്ധതി, മരണാനന്തര ധനസഹായം, ഉപരിപഠന ധനസഹായം, പ്രൊഡക്ഷൻ ഇൻസെന്റീവ്, സമ്മർ ഇൻസെന്റീവ്, കെട്ടിട നിർമ്മാണ ഗ്രാന്റ് എന്നിവയും നടപ്പാക്കി വരുന്നുണ്ട്.

(ബി) ഇതിനായി ഒരു പുതിയ ധനകാര്യ സ്ഥാപനം രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ക്ഷീര സഹകരണ സംഘങ്ങളിൽ നിന്ന് ഇതിന് ആവശ്യമായ ഫണ്ട് സ്വരൂപിക്കുന്ന കാര്യം ആലോചിക്കുമോ?

(ബി) & (സി) ക്ഷീരകർഷകരുടെ സാമ്പത്തിക ഇടപാടുകൾ നടത്തുന്നതിനായി ഒരു ധനകാര്യ സ്ഥാപനം രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

സെക്ഷൻ ഓഫീസർ.